

**കരുണാകരന്റെ സുഹൃത്തും പഴയ കോൺഗ്രസ് പ്രവർത്തകയും ആത്മീയ–ദാർശനിക അന്വേഷകയുമായ മുൻ മാതൃഭൂമി ജീവനക്കാരി പാറുക്കുട്ടിയമ്മ കരുണാകരന്റെ ഓർമ്മകൾ പങ്കുവയ്ക്കുന്നു. സംഭാഷണത്തിൽ നിന്നും തയ്യാറാക്കിയത് മുകുന്ദനുണ്ണി**

# പാവം രാജന് അങ്ങിനെയൊരു വിധിയുണ്ടായി

കോഴിക്കോട് ശിവപുരത്ത് കോൺക്രീറ്റ് കെട്ടിടങ്ങൾക്കിടയിൽ ഓടിട്ട ഒരേ ഒരു പഴയ മനോഹരമായ വീട്. ചുറ്റും മാവുകൾ പൂത്തു നിൽക്കുന്നു. കുയിലുകളുടെ പാട്ട് പാറുക്കുട്ടിയമ്മയുടെ മുറിയിലേയ്ക്ക് കേൾക്കാം. 'കാലാവസ്ഥാ വ്യതിയാനം സംഭവിക്കുന്നുണ്ടെങ്കിലും മാവു പൂക്കുമ്പോൾ കുയിലുകൾ എത്തുന്നുണ്ട്,' കാളിദാസന്റെ വരികൾ ഉദ്ധരിച്ച് ചൊല്ലി പാറുക്കുട്ടിയമ്മ പറഞ്ഞു. 'കലാവസ്ഥാ വ്യതിയാനം കേരളത്തെ കൂടുതൽ ബാധിക്കും. നമ്മുടെ ഭൂമിയുടെ കിടപ്പ് വളരെ എളുപ്പം ബാധിക്കുന്ന വിധത്തിലാണല്ലോ.' വാർദ്ധക്യത്തിലും പാറുക്കുട്ടിയമ്മ വർത്തമാന കാല ചുറ്റുപാടുകളോട് ശ്രദ്ധ പുലർത്തുന്നുണ്ട് എന്ന് ഇതിൽ നിന്ന് വ്യക്തമാണല്ലോ.

പണ്ഡിതയും പഴയ കാല കോൺഗ്രസ് പ്രവർത്തകയും സാമൂഹ്യ പ്രവർത്തകയുമായ പാറുക്കുട്ടിയമ്മയെ അവരുടെ വസതിയിൽ കാണാൻ ചെന്നതായിരുന്നു ഞാൻ. കേരളീയം പ്രസിദ്ധീകരണത്തിനുവേണ്ടി വേണ്ടി അന്തരിച്ച കെ. കരുണാകരനെക്കുറിച്ചുള്ള അവരുടെ ഓർമ്മകളും വിലയിരുത്തലുകളും അന്വേഷിച്ചറിയാൻ.

പാറുക്കുട്ടിയമ്മ കോളേജിൽ പഠിക്കുന്ന കാലത്ത് തന്നെ സാമൂഹ്യ പ്രവർത്തകയും ആത്മീയ ദർശനങ്ങളിൽ ആകൃഷ്ടയുമായിരുന്നു. ഗാന്ധിജിയുടെ ദർശനങ്ങളിൽ അവരുടെ മനസ്സ് വളർന്നു. ചിന്മയാനന്ദ സ്വാമിയുടെ പ്രവർത്തനങ്ങളിൽ കുറേക്കാലം. മാതൃഭൂമിയിലെ ഉദ്യോഗം. പിന്നീട് ജി. എൻ. പിള്ളയുടെ (ബഹുഭാഷാ പണ്ഡിതനും തത്വജ്ഞാനിയും സംസ്കൃത പണ്ഡിതനും എഴുത്തുകാരനും വാഗ്മിയും) ദർശനങ്ങൾ പിന്തുടർന്നു. ഇപ്പോൾ സ്വതന്ത്രയായി ആത്മിയ ചിന്തകളും ചിത്രം വരയുമായി കൂടുന്നു.

**കെ കരുണാകരനെ എങ്ങിനെയാണ് ഓർക്കുന്നത്?**

അദ്ദേഹം പ്രജാ മണ്ഡലത്തിൽ പ്രവർത്തിക്കുകയായിരുന്നു. നല്ല ഒരു തൊഴിലാളി നേതാവ്. മറ്റ് രാഷ്ട്രീയക്കാരെപ്പോലെയല്ല. നല്ല രാഷ്ട്രതന്ത്രജ്ഞനാണ്. ഐക്യ കേരളം വന്നപ്പോൾ കോൺഗ്രസ്സിന്റെ ഒമ്പത് മെമ്പർമാരുടെ നേതാവായാരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തെ ലീഡർ എ

ന്നു വിളിക്കുന്നത്. എനിക്ക് നല്ല ആദരവാണ്. കാരണം വളരെ പ്രായോഗിക ബുദ്ധിയള്ളവനാണ്. മറ്റിടത്തൊക്കെ കോൺഗ്രസ്സിൽ പിളർപ്പുകളും വിയോജിപ്പുകളും ഉണ്ട്. പക്ഷെ ഇവിടെയില്ല. കാരണം അദ്ദഹം അതൊക്കെ രമ്യമായി പരിഹരിക്കും. എല്ലാ കാര്യത്തിലും അദ്ദേഹം മിടുക്കനാണ്. ഒരു കഴിവുറ്റ രാഷ്ട്രതന്ത്രജ്ഞൻ.

**പിന്നീട് അദ്ദേഹത്തിന്റെ നയങ്ങളോട് വിയോജിപ്പ് തോന്നിയില്ലേ?**

ഇല്ല. പല പ്രശ്നങ്ങളും പരിഹരിക്കുമ്പോഴും ഭരിക്കുമ്പോഴും അദ്ദേഹത്തിന്റെ കഴിവുകൾ പ്രകടമായിരുന്നു. കാര്യങ്ങൾ നടത്താനുള്ള അദ്ദേഹത്തിന്റെ ശേഷി പ്രശംസനീയമാണ്.

**അടിയന്തരാവസ്ഥയിൽ അദ്ദേഹം അറിഞ്ഞുകൊണ്ടുള്ള പീഡനങ്ങളും മറ്റും വളരെ വിമർശിക്കപ്പെട്ടിട്ടുണ്ട്?**

അത്തരം സന്ദർഭങ്ങളിൽ പ്രായോഗികമായി വേറെ പോം വഴികളുണ്ടാവില്ല. നക്സലൈറ്റ് പ്രവർത്തനങ്ങൾ രാജ്യത്തെ നശിപ്പിക്കും. അത് അമർച്ച ചെയ്യാതെ പോംവഴിയില്ല. രാഷ്ട്രീയത്തിൽ അതൊക്കെയാണ് പ്രശ്ന പരിഹാരങ്ങൾ. യുദ്ധം വരുമ്പോൾ എന്തു ചെയ്യും. അതുപോലെ.

**അടിയന്തരാവസ്ഥയെ ന്യായീകരിക്കുകയാണോ?**

പാവം ഇന്ദിര. അല്ലാതെ എന്തു ചെയ്യും. ഒരു ഭാഗത്ത് സഞ്ചീവ റെഡ്ഡിയുടെ പ്രശ്നം. മറു ഭാഗത്ത് യുദ്ധം. റഷ്യ തകരുന്നു. ഇത്തരം പ്രശ്നങ്ങളിൽ അവർക്ക് അതേ ചെയ്യാൻ കഴിയൂ. രാജ ഭരണമായാലും എന്തു ഭരണമായാലും പ്രായോഗികമായി അങ്ങിനെയൊക്കെയേ ചെയ്യാൻ കഴിയൂ.

**അടിയന്തരാവസ്ഥ ജനാധിപത്യത്തെ ധ്വംസിക്കലല്ലേ?**

പണ്ടൊക്കെ തിരിഞ്ഞെടുപ്പിൽ മത്സരിക്കാൻ പണം ചിലവാക്കേണ്ട കാര്യമില്ല. ദാമോദര മേനോന് തിരഞ്ഞെടുപ്പിന് 38 രൂപയേ ചിലവാക്കേണ്ടിവന്നിള്ളൂ. ഇന്ന് അങ്ങിനെയല്ല. പണം ചെലവാക്കി പാർലിമെന്റിൽ എത്തിയാലും പ്രതിപക്ഷം അങ്ങോട്ട് കയറ്റുകയില്ല. പാർലിമെന്റ് എന്നും സ്തംഭനത്തിലാണ്. അവിടെയൊക്കെയാണ് കരുണാകരന്റെ പ്രായോഗിക ബുദ്ധിയുടെ പ്രസക്തി.

**തോന്നുന്നത് പ്രവർത്തിക്കലാണോ പ്രായോഗിക ബുദ്ധി?**

ഭാരതത്തിലെ കൃഷ്ണനെ നോക്കൂ. അദ്ദേഹം അർജ്ജുനനെ പിൻന്തിരിപ്പിച്ചില്ല. യുദ്ധം ചെയ്യാൻ ഉപദേശിച്ചു. യുദ്ധത്തിനിടയിൽ അർജ്ജുനനോട് തേരിൽ നിന്ന് ഇറങ്ങാൻ പറഞ്ഞു. പിന്നെ കൃഷ്ണ നിറങ്ങി. അതോടെ തേര് കത്തി ചാമ്പലായി. കാരണം തേരിൽ അശ്വത്ഥാമാവ് എയ്ത ബ്രഹ്മാസ്ത്രം ഉണ്ടായിരുന്നു. ഭഗവാൻ അത് തടുത്തിരിക്കുകായിയിരുന്നു. അതൊക്കയാണ് പ്രായോഗിക ബുദ്ധി.

**ധാർമ്മികതയേയും രാഷ്ട്രീയത്തേയും വേർതിരിക്കുകയാണോ?**

ധാർമ്മികതയും രാഷ്ട്രീയവും ഒന്നിച്ചു ചേരണം. അത് ചില വ്യക്തികളിലേ സാധിക്കൂ. വെറും തത്വജ്ഞാനംകൊണ്ട് കാര്യമില്ല. എസ്. രാധാകൃഷ്ണനേ നോക്കൂ. അദ്ദേഹം തത്വജ്ഞാനിയുമാണ് രാജതന്ത്രജ്ഞനുമാണ്. അദ്ദേഹം സ്റ്റാലിനെ കാണുന്ന ഒരു അവസരമുണ്ടായിരുന്നു. സ്റ്റാലിൻ ഹിംസാവാദിയാണ്. രാധാകൃഷ്ണൻ അഹിംസാവാദിയും. അഹിംസയെപ്പറ്റി അദ്ദേഹം സ്റ്റാലിനോട് പറഞ്ഞപ്പോൾ സ്റ്റാലിൻ താൻ മൊണാസ്റ്ററിയിൽ പോയി താമസിച്ച കഥ പറഞ്ഞു. ഒടുവിൽ സ്റ്റാലിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.

**പീഡനത്തിൽ കൊല്ലപ്പെട്ട രാജൻ എന്തു കുറ്റമാണ് ചെയ്തത്?**

പാവം രാജന് അങ്ങിനെയൊരു വിധിയുണ്ടായി. രാജന്റെ അച്ഛനെ എനിക്ക് നന്നായറിയാം. പലപ്പോഴും കാണാറുണ്ട്. കൂടുതൽ കാര്യങ്ങൾ എനിക്കറിയില്ല.

**അപ്പോൾ കരുണാകരനോട് ഒരു വിമർശനവുമില്ലേ?**

വിമർശിക്കാൻ എനിക്ക് കരുണാകരന്റെ രഹസ്യങ്ങൾ ഒന്നും അറിയില്ല. അദ്ദേഹം ചെയ്യുന്നതൊക്കെ കോൺഗ്രസ്സിന്റെ നന്മയ്ക്ക് വേണ്ടിയായിരുന്നു.

**അപ്പോൾ കരുണാകരൻ മക്കൾക്ക് വേണ്ടി ചെയ്തതൊക്കെയോ?**

ഇപ്പോൾ രാഷ്ട്രീയക്കാരൊക്കെയും സ്ഥാനമോഹികളാണ്. ഞാൻ കുറേക്കാലം കോൺഗ്രസ്സിൽ പ്രവർത്തിച്ചതാണ്. ഒരു സ്ഥാനവും മോഹിച്ചില്ല. ഒരു സ്ഥാനവും നേടിയുമില്ല. രാഷ്ട്രീയക്കാർ സ്ഥാനം മോഹിക്കുന്നതാണ് പ്രശ്നം. സ്ഥാനം വന്നുചേരുന്നതിൽ തെറ്റില്ല.

**നിങ്ങൾ ഇപ്പോഴും കോൺഗ്രസ്സാണോ?**

അതെ.

**നിങ്ങൾ ആദരിക്കുന്ന ജി എൻ പിള്ള ഒരു കമ്മ്യൂണിസ്റ്റായിരുന്നില്ലേ?**

അതെ. അത് ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ആദർശം വെച്ചാണ്. പക്ഷെ കോൺഗ്രസ്സിന്റേത് മഹത്തായ ഒരു ആദർശമാണ്. അതിനേക്കാൾ വലുതായ ഒന്നില്ല. ദാരിദ്ര്യം ഒരു കഷ്ടമുള്ള കാര്യമാണ്. എനിക്ക് എല്ലാ കാര്യങ്ങളിലും പിള്ളയോട് യോജിപ്പാണ്. കരുണാകരനോടും ഒരു വിയോജിപ്പുമില്ല. ഒന്നര വർഷം മുൻപ് കരുണാകരൻ ഇവിടെ എന്നെ കാണാൻ വന്നിരുന്നു. രണ്ടു വശവും രണ്ടുപേർ താങ്ങിക്കൊണ്ടാണ് വരവ്. ഞങ്ങൾ കുറേ സംസാരിച്ചു. അദ്ദേഹം ഇവിടെ എന്നെ കാണാൻ വന്നില്ലേ... കരുണാകരൻ നല്ല ഒരു ചിത്രകാരനായിരുന്നു. ഞാൻ ഒരു പെയ്ന്റിങ് അദ്ദേഹത്തിന് കൊടുത്തിരുന്നു. ചിത്രകല സ്വാഭാവികമായി വരുന്ന ആളാണ് അദ്ദേഹം. ചിത്ര കല പഠിച്ചിട്ടുമുണ്ട്. ആ പാത പിൻതുടരുകയയിരുന്നെങ്കിൽ ഇപ്പോഴത്തെക്കാളും എത്രയോ വലിയ മഹാനാകുമായിരുന്നു അദ്ദേഹം.

---

### പ്ലാവ് ജയൻ, ഷെരീഫ്

ചിത്രകാരൻ കെ. ഷെരീഫ് വരച്ച കേരളീയം മുഖചിത്രമായ (2010 ഡിസംബർ) നാടൻ പ്ലാവ് മരങ്ങൾ നാടൊട്ടുക്കും നട്ടുസംരക്ഷിക്കുന്ന ജയനെ കുറിച്ചും ചിത്രകാരനെ കുറിച്ചും ചേർക്കാൻ വിട്ടുപോയതിൽ ഖേദിക്കുന്നു.